82 (2460) "ഭരണാനുമതി ലഭിച്ച വർക്കുകൾ ആരംഭിക്കാൻ നടപടി"

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000-ാം മാണ്ടിലെ നിയമസഭയിൽ അംഗീകരിച്ചതും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച ഭരണാനുമതിയുള്ളതുമായ വർക്കുകൾ എസ്റ്റിമേറ്റ് എടുത്ത് ടെൻഡർ നടപടികൾ ആരംഭിക്കാൻ ജൂൺ മാസമായിട്ടും മരാമത്തുവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ തയ്യാറായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അംഗീകരിച്ച മരാമത്തു പണികൾ നടത്താനുള്ള സാങ്കേതിക നടപടികൾ ആരംഭിക്കാൻ വകുപ്പിന് കർശന നിർദ്ദേശം നൽകുമോ;

(സി) കായംകുളം മണ്ഡലത്തിലെ 1998-1999 ലെ മുട്ടം-കായംകുളം റോഡിന്റെ പണി ബഡ്ജറ്റ് വിഹിതം ഉണ്ടായിട്ടും നാളിതു വരെ ആരംഭിക്കാത്തതിനെപ്പറ്റി അന്വേഷിച്ച് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ടെങ്കിലും അടങ്കൽ തുകയുടെ 20 ശതമാനമെങ്കിലും ബഡ്ജറ്റ് വിഹിതമായി ലഭിക്കാതിരുന്ന വർക്കുകൾ ടെൻഡർ വിളിക്കാൻ കഴിഞ്ഞിട്ടില്ല. ദേശീയ പാതാ വിഭാഗത്തിൽ 1999-2000-ാം മാണ്ടിലെ ബഡ്ജറ്റിൽ ഭരണാനുമതി നൽകി പ്രഖ്യാപിച്ചിട്ടുള്ള പ്രോജക്ടുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പുതുതായി ഭരണാനുമതി ലഭിച്ച ഏതാനും പ്രോജക്ടുകളുടെ ജോലി തുടങ്ങി വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. മറ്റ് ചില ജോലികളുടെ കരാറുകാരുടെ പ്രീ ക്വാളിഫിക്കേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്നവയുടെ ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ചുവരുന്നു. കെട്ടിടങ്ങളും പ്രാദേശിക ജോലികളും വിഭാഗത്തെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(സി) പ്രസ്തുത ജോലിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു.

83 (2461) കോൺട്രാക്ടർമാരുടെ സമരം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏതെല്ലാം ആവശ്യങ്ങൾ ഉന്നയിച്ചാണ് ഗവൺമെന്റ് കോൺട്രാക്ടർമാർ സമരം നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

നിലവിൽ, ഗവൺമെന്റ് കോൺട്രാക്ടർമാർ സമരം നടത്തുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

84 (2462) "സംസ്ഥാനത്ത് സി.പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയർ ആഫീസ് "

ശ്രീ. കെ. സി. ജോസഫ് :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി രാധാരാഘവൻ :

ശ്രീ. ജോർജ്ജ് ജെ. മാത്യു :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി.പി.ഡബ്ലിയു.ഡി.യുടെ ചീഫ് എഞ്ചിനിയർ ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ;

(ബി) സി.പി.ഡബ്ല്യൂ.ഡി.യുടെ ചീഫ് എഞ്ചിനീയർ ഓഫീസ് സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് എന്നറിയുമോ;

(സി) സി.പി.ഡബ്ല്യൂ.ഡി.യുടെ കോഴിക്കോട് ഡിവിഷൻ മൈസൂറിനോട് ചേർക്കുവാൻ ശ്രമം നടക്കുന്നതായി അറിവുണ്ടോ;

(ഡി) ഇത് തടയുവാനും സംസ്ഥാനത്ത് സി.പി.ഡബ്ല്യൂ.ഡി.യുടെ ഒരു ചീഫ് എഞ്ചിനീയർ ഓഫീസ് സ്ഥാപിക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ),(ബി),&(സി) സംസ്ഥാനത്ത് സി.പി.ഡബ്ല്യൂ.ഡി.യുടെ ചീഫ് എഞ്ചിനീയർ ഓഫീസ് പ്രവർത്തിക്കുന്നില്ല. കോഴിക്കോട് പ്രവർത്തിക്കുന്ന സെൻട്രൽ പി.ഡബ്ലൂ.ഡി. ഓഫീസ് തിരുവനന്തപുരം സർക്കിളിന്റെ കീഴിൽ നിന്നും മൈസൂർ സർക്കിളിന്റെ കീഴിൽ കൊണ്ടു പോകാൻ ശ്രമം നടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

85 (2463) "ചീഫ് എഞ്ചിനീയറുടെ ലംപ്സം പ്രൊവിഷൻ അനുസരിച്ച് ടെണ്ടർ "

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-97, 1997-98, 1998-99 എന്നീ സാമ്പത്തിക വർഷങ്ങളിൽ പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ ലംപ്സം പ്രൊവിഷൻ അനുസരിച്ച് ഓരോ ജില്ലയിലും എത്ര രൂപയുടെ ടെണ്ടർ വിളിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) എത്ര രൂപ വീതം ഓരോ ജില്ലയിലും ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ച വിവരം അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.+ കെട്ടിടങ്ങളും പ്രാദേശിക ജോലികളും വിഭാഗത്തെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly